**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3615** **12-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസ്സർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസറുടെ നിയമനത്തിന് എഫ്.ഡി.പി ഗവേഷണ കാലയളവ് അധ്യാപന പരിചയമായി കണക്കാക്കാമെന്ന നിലപാട് സർവ്വകലാശാല അധികൃതർ സ്വീകരിച്ചിരുന്നെങ്കിലും ഇപ്പോൾ അസോസിയേറ്റ് പ്രൊഫസ്സർ നിയമനങ്ങൾക്ക് ഗവേഷണ കാലയളവ് ഒഴിവാക്കി അധ്യാപന പരിചയം മാത്രമേ കണക്കാക്കുകയുള്ളു എന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; സർവ്വകലാശാല നിയമനങ്ങളിൽ വ്യത്യസ്ത നിലപാടുകൾ കൈക്കൊള്ളുന്നതിന്റെ കാരണം എന്താണ്; വിശദമാക്കാമോ? | (എ) | സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലെ അധ്യാപക നിയമനത്തിന് (പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ) 19.10.2024 തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം പി.എച്ച്.ഡി/ എം.ഫിൽ ബിരുദം നേടുന്നതിന് ചെലവഴിച്ച സമയം അധ്യാപന/ ഗവേഷണ പരിചയമായി അധ്യാപക നിയമത്തിന് കണക്കാക്കുന്നതല്ല. എന്നാൽ യാതൊരു തരത്തിലുള്ള അവധിയും പ്രയോജനപ്പെടുത്താതെ അധ്യാപന ചുമതല നിർവഹിക്കെ തന്നെ ഗവേഷണ ബിരുദം നേടുന്നതിന് ചെലവഴിച്ച യോഗ്യസേവനകാലം അധ്യാപന നിയമനത്തിനും സ്ഥാനക്കയറ്റത്തിനും അധ്യാപന പരിചയമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതാത് കാലങ്ങളിൽ പ്രാബല്യത്തിലുള്ള യു.ജി.സി/ സർക്കാർ/ സർവകലാശാല നിയമാവലികൾ അടിസ്ഥാനമാക്കിയാണ് അധ്യാപക നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. |

സെക്ഷൻ ഓഫീസർ